# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത* *03/05/2017 -ലെ മറുപടി*
*ചോദ്യം നമ്പർ : T 1589*

## *പാർവ്വതി പുത്തനാറിലെ ജലഗതാഗതം*

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. ഒ. രാജഗോപാൽ** | **പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി )** |
| **എ.** പാർവ്വതിപുത്തനാർ ജലഗതാഗതത്തിന് അനുയോജ്യമാക്കി മാറ്റുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ; | **എ.** പാർവ്വതി പുത്തനാർ ജലഗതാഗതത്തിന് അനുയോജ്യമാക്കി മാറ്റുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |
| **ബി.** ഇതിനായി സർക്കാരിന്റെ ഭാഗത്തു നിന്നും നാളിതുവരെ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | **ബി.** പാർവ്വതിപുത്തനാറിന്റെ സമഗ്ര വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. KIIFB -യുടെ ധനസഹായത്തോടുകൂടി 16.14 കി.മീ. നീളം വരുന്ന പാർവ്വതി പുത്തനാർ ശുചീകരിച്ച് നാവിഗേഷൻ കനാലായി വികസിപ്പിക്കുന്നതിന് 80 കോടി രൂപയുടെ പദ്ധതിയാണ് ഇപ്പോൾ പരിഗണനയിലുള്ളത്. കനാൽ പാർശ്വങ്ങളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചു കൊണ്ട് കനാലിന്റെ അതിർത്തി നിർണ്ണയിക്കൽ യുദ്ധകാലാടിസ്ഥാനത്തിൽ റവന്യൂ അധികൃതരുടെ നേതൃത്വത്തിൽ നടന്നു വരുന്നു. കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ഭൂമി ഏറ്റെടുത്ത ശേഷം രണ്ടാം ഘട്ടം പദ്ധതി തയ്യാറാക്കുന്നതാണ്. |
| **സി** പാർവ്വതീപുത്തനാറിനെ ജലഗതാഗതത്തിന് അനുയോജ്യമാക്കുന്നതിന് പഠനം നടത്തിയിട്ടുണ്ടോ : എങ്കിൽ പഠന റിപ്പോർട്ട് ലഭ്യമാക്കുമോ ? | **സി.** ഉണ്ട്. NATPAC -ന്റെ പഠന റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**